## വഴിവെളിച്ചം

# വിചാരണയില്ലാത്ത സ്വർഗ പ്രവേശം

عَن أنس بن مَالك رَضِيَ الله عَنْهُ أَنَّ النَّبِيَّ ﷺ قَالَ: إِذَا وَقَفَ الْعِبَادُ لِلْحِسَابِ جَاءَ قَوْمٌ وَاضِعِي سُيُوفِهِمْ عَلَى رِقَابِهِمْ تَقْطُرُ دَمًا فَازْدَحَمُوا عَلَى بَابِ الْجَنَّةِ. فَقِيلَ: مَنْ هَؤُلَاءِ؟ قِيلَ: الشُّهَدَاءُ كَانُوا أَحْيَاءً مَرْزُوقِينَ. ثُمَّ نَادَى مُنَادٍ: لِيَقُمْ مَنْ أَجْرُهُ عَلَى اللَّهِ فَلْيَدْخُلِ الْجَنَّةَ. ثُمَّ نَادَى الثَّانِيَةَ: لِيَقُمْ مَنْ أَجْرُهُ عَلَى اللَّهِ فَلْيَدْخُلِ الْجَنَّةَ. قَالَ: وَمَنْ ذَا الَّذى أَجْرُهُ عَلَى اللَّهِ؟ قَالَ: الْعَافُونَ عَنِ النَّاسِ. ثُمَّ نَادَى الثَّالِثَةَ: لِيَقُمْ مَنْ أَجْرُهُ عَلَى اللَّهِ. فَلْيَدْخُلِ الْجَنَّةَ فَقَامَ كَذَا وَكَذَا أَلْفًا فَدَخَلُوهَا بِغَيْرِ حِسَابٍ

അനസുബ്നു മാലികി(റ)ൽനിന്ന്: നബി(സ) പറഞ്ഞു: "അന്ത്യ നാളിൽ ജനങ്ങൾ വിചാരണക്കായി നിൽക്കുമ്പോൾ, ഒരു വിഭാഗം പിര ടികളിൽ വാളുകൾ വെക്കപ്പെട്ട നിലയിൽ ചോരയൊലിപ്പിച്ച് കടന്നുവരും! അവർ തിക്കിത്തിരക്കി സ്വർഗ കവാടത്തിലൂടെ കടന്നുപോവും. ആരാ ണിവർ എന്ന ചോദ്യത്തിന് രക്തസാക്ഷികളാണ്, അവർ ദൈവസന്നിധി യിൽ ജീവിച്ചിരിക്കുന്നവരും വിഭവങ്ങൾ നൽകപ്പെടുന്നവരുമാണ് എന്ന മറുപടിയാണ് ലഭിക്കുക. പിന്നീട് ഒരാൾ ഇങ്ങനെ വിളിച്ചുപറയും: അല്ലാ ഹുവിന്റെ അടുക്കൽ പ്രതിഫലാർഹരായവർ കടന്നുവരിക, സ്വർഗത്തിൽ പ്രവേശിക്കുക! രണ്ടാമതും വിളിച്ചു പറയും: അല്ലാഹുവിന്റെ അടുക്കൽ പ്രതിഫലാർഹരായിട്ടുള്ളവർ കടന്നുവരിക, സ്വർഗത്തിൽ പ്രവേശിക്കുക! അനസ് (റ) ചോദിച്ചു: അല്ലാഹുവിന്റെ അടുക്കൽ പ്രതിഫലാർഹരായ വർ ആരാണ്? നബി(സ) പറഞ്ഞു: ജനങ്ങളോട് വിട്ടുവീഴ്ച കാണിച്ച വർ! അവരോട് പറയും: ദൈവസന്നിധിയിൽ പ്രതിഫലാർഹരായവർ കട ന്നുവരൂ. സ്വർഗത്തിൽ പ്രവേശിക്കൂ. അങ്ങനെ നാലുപാടു നിന്നും ആയി രക്കണക്കിനാളുകൾ മുന്നോട്ടുവരികയും വിചാരണ കൂടാതെ സ്വർഗ ത്തിൽ കടക്കുകയും ചെയ്യും!" (ത്വബ്റാനി)*

**അന്ത്യനാളിലെ** വിചാരണ ഏതൊരു മനുഷ്യനെയും ഭയപ്പെടുത്തുന്നതാണ്. വിശ്വാസിയാവട്ടെ, നിഷേധിയാവട്ടെ ഒരാൾക്കും അങ്ങേയറ്റത്തെ ആശങ്കയോടുകൂടിയല്ലാതെ ദൈവിക കോടതിയിൽ നിൽക്കാൻ സാധ്യമല്ല. അല്ലാഹുവിന്റെ വിചാരണയെ ഓർത്ത് ഓരോരുത്തരും അന്നാളിൽ കടുത്ത ഭയസംഭ്രമങ്ങളിലായിരിക്കും. ഭയത്തിന്റെ കാഠിന്യം മൂലം ജനങ്ങളുടെ ഹൃദയങ്ങൾ അവരുടെ തൊണ്ടക്കുഴികളിലേക്ക് കയറിവരുമെന്ന് ഖുർആൻ ഓർമപ്പെടുത്തുന്നുണ്ട് (40:18).

അന്ത്യദിനത്തിലെ അത്യന്തം പ്രയാസപൂർണവും ഭീതിജനകവുമായ ഈ വിചാരണയിൽനിന്ന് ചിലയാളുകൾക്ക് രക്ഷയും മോചനവുമുണ്ട്. അവർക്ക് വിചാരണയെ അഭിമുഖീകരിക്കേണ്ടിവരില്ല. നേർക്കുനേർ സ്വർഗപ്രവേശം ലഭിക്കും. അത്തരത്തിലുള്ള അപൂർവ സൗഭാഗ്യവാന്മാരെക്കുറിച്ചാണ് മുകളിലുദ്ധരിച്ച പ്രവാചക വചനം.

രക്തസാക്ഷികളാണ് ഒന്നാമത് വരുന്നത്. ആദർശത്തിന് വേണ്ടിയുള്ള ജീവത്യാഗമാണ് രക്തസാക്ഷിത്വം. അതിനേക്കാൾ ശ്രേഷ്ഠമായ മറ്റൊരു കർമമില്ല. ഒരു നബിവചനം ഇങ്ങനെയാണ്: "സ്വർഗത്തിൽ പ്രവേശിച്ച ഒരു മനുഷ്യനും പിന്നീട് ഭൂമിയിലേക്ക് തിരിച്ചുവരാൻ ആഗ്രഹിക്കുകയില്ല; രക്തസാക്ഷി ഒഴികെ! തനിക്ക് നൽകപ്പെട്ട അനുഗ്രഹങ്ങളുടെ ആധിക്യം കാരണം തിരിച്ചുവന്ന് ഒരിക്കൽ കൂടി ദൈവമാർഗത്തിൽ വധിക്കപ്പെട്ടിരുന്നെങ്കിൽ എന്ന് രക്തസാക്ഷി ആഗ്രഹിച്ചുപോകും!" (തിർമിദി). പിരടികളിൽ വാളുകൾ വെക്കപ്പെട്ട നിലയിൽ രക്തമൊഴുക്കിക്കൊണ്ടാണ് അന്ത്യനാളിൽ അവർ ഹാജരാവുന്നത്. അല്ലാഹു അവർക്ക് നൽകുന്ന പ്രത്യേക ആദരവാണിത്. ദൈവമാർഗത്തിൽ ജീവൻ ത്യജിച്ച തങ്ങൾ മറ്റുള്ളവരേക്കാൾ എത്രയോ ശ്രേഷ്ഠരാണെന്നാണ് അതിലൂടെ അവർ പ്രഖ്യാപിക്കുന്നത്.

ജനങ്ങളുടെ ഭാഗത്തുനിന്നുണ്ടാവുന്ന തെറ്റുകുറ്റങ്ങൾ വിട്ടുവീഴ്ച ചെയ്തുകൊടുക്കുന്നവരെ കുറിച്ചാണ് ഹദീസിൽ രണ്ടാമത് പറയുന്നത്. ശ്രേഷ്ഠ ഗുണങ്ങളിൽ ഒന്നാണ് വിട്ടുവീഴ്ച. മറ്റുള്ളവരുടെ പെരുമാറ്റ വൈകല്യങ്ങൾ ക്ഷമിക്കുകയും സഹിക്കുകയും ചെയ്യലാണത്. ഖുർആൻ സത്യവിശ്വാസികളുടെ ഗുണമായി, 'ജനങ്ങളോട് വിട്ടുവീഴ്ച കാണിക്കുന്നവർ' (3:134) എന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ട്. മറക്കാനും പൊറുക്കാനുമുള്ള കഴിവാണ് മനുഷ്യനെ ശ്രേഷ്ഠനാക്കുന്നത്. പ്രവാചകന്മാരുടെ ഗുണവിശേഷങ്ങളിൽ ഒന്നാണത്. കടുത്ത ശത്രുക്കളോടു പോലും അലിവോടും കാരുണ്യത്തോടും കൂടി പെരുമാറാൻ അവർക്കു കഴിഞ്ഞത് ഈ സ്വഭാവഗുണം ആർജിച്ചതു കൊണ്ടായിരുന്നു.

ഹദീസിൽ വിട്ടുവീഴ്ച ചെയ്യുന്നവരെ രക്തസാക്ഷികളോടൊപ്പമാണ് പരാമർശിച്ചിട്ടുള്ളത്. രക്തസാക്ഷ്യവും വിട്ടുവീഴ്ചയും തമ്മിൽ സൂക്ഷ്മമായ ചില സമാനതകളുണ്ട്. രക്തസാക്ഷി ശത്രുക്കൾക്കെതിരെ ആയുധമെടുക്കുമ്പോൾ, വിട്ടുവീഴ്ച ചെയ്യുന്നവൻ തന്റെ ഉള്ളിലെ കോപതാപങ്ങൾക്കും വികാര വിക്ഷോഭങ്ങൾക്കുമെതിരിലാണ് ആയുധമെടുക്കുന്നത്. രക്തസാക്ഷി ജീവൻ ത്യജിക്കുമ്പോൾ, വിട്ടുവീഴ്ച ചെയ്യുന്നവൻ മറ്റുള്ളവരോടുള്ള പകയും വൈരവും വെറുപ്പുമാണ് ത്യജിക്കുന്നത്. പോരാളി ശത്രുവിനെയാണ് കീഴടക്കുന്നതെങ്കിൽ, വിട്ടുവീഴ്ച കാണിക്കുന്നവൻ സ്വന്തത്തെ

തന്നെയാണ് കീഴടക്കുന്നത്! രക്തസാക്ഷികളെ പോലെ, വിട്ടുവീഴ്ച ചെയ്യുന്നവരെയും ആദരിക്കാനും വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിപ്പിക്കാനും കാരണം ഈ സമാനതകളാണ്. നബി (സ) പറഞ്ഞു: "നിങ്ങൾ ജനങ്ങളോട് കരുണ കാണിക്കുക; എങ്കിൽ അല്ലാഹു നിങ്ങളോടും കരുണ കാണിക്കും. നിങ്ങൾ മറ്റുള്ളവർക്ക് പൊറുത്തുകൊടുക്കുക; എങ്കിൽ അല്ലാഹു നിങ്ങൾക്കും പൊറുത്തുതരും!" (അഹ്മദ്) ■

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം ത്വബ്റാനി 'ഔസത്വി'ൽ ഉദ്ധരിച്ചതാണ് ഈ നബിവചനം. ഇതിന്റെ നിവേദക പരമ്പര ഹസൻ ആണെന്ന് പ്രമുഖ ഹദീസ് പണ്ഡിതൻ ഹാഫിള് മുൻദിരി അഭിപ്രായപ്പെടുന്നു (*അത്തർഗീബു വത്തർഹീബ്* വാള്യം: 3, പേജ് 309)